**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ - ബി) വകുപ്പ്,**

**സ.ഉ.(സാധാ) നം. 1172/2019/ധന. തീയതി, തിരുവനന്തപുരം,15.02.2019**

---

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 503/2016/ധന തീയതി 21/12/2016.
4) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
5) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
6) സ ഉ (എം എസ്) 204/2017/ധന തീയതി 23/03/2017.
7) സ.ഉ(സാധാ)നം. 10132/18/ധന. തീയതി 10.12.2018.
8) സ.ഉ(എം.എസ്.)നം. 59/19/ധന. തീയതി 31.01.2019.
9) 11.02.2019 തീയതിയിലെ പഞ്ചായത്ത് ഡയറക്ടറുടെ പി എ എൻ/707/2019-ഡി ബി ടി1 (ഡി പി) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ താല്പര്യപ്രകാരം ബാങ്ക് അക്കൗണ്ട് വഴിയോ നേരിട്ടോ നൽകിവരുന്നു. 2018 നവംബർ മാസം വരെയുള്ള പെൻഷൻ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസം വരെയുള്ള 5 മാസത്തേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക് 2630,27,09,600/- (രണ്ടായിരത്തി അറുന്നൂറ്റി മുപ്പതു കോടി ഇരുപത്തേഴ ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം 9 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. **2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ വരെയുള്ള 5 മാസത്തേക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകുന്നതിലേക്ക്** ആവശ്യമായ 2630,27,09,600/- **(രണ്ടായിരത്തി**

**അറുന്നൂറ്റി മുപ്പതു കോടി ഇരുപത്തേഴ ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.** ഓരോ ഇനം സാമൂഹ്യ സുരക്ഷാ പെൻഷനും വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

3. 2018 ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്യുന്നതിനാവശ്യമായ തുകയായ 2630,27,09,600/- (രണ്ടായിരത്തി അറുന്നൂറ്റി മുപ്പതു കോടി ഇരുപത്തേഴ ലക്ഷത്തി ഒൻപതിനായിരത്തി അറുന്നൂറ് രൂപ മാത്രം) KSSP Ltd ന്റെ പേരിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസ് ബ്രാഞ്ചിൽ തുടങ്ങിയിട്ടുള്ള 001101023000269 നമ്പർ അക്കൗണ്ടിൽ നിന്നും (IFS Code IBKL046KS01), സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനാവശ്യമായ 1351,77,08,600/- രൂപ (ആയിരത്തി മുന്നൂറ്റി അൻപത്തൊന്നു കോടി എഴുപത്തേഴ ലക്ഷത്തി എണ്ണായിരത്തി അറുന്നൂറു രൂപ മാത്രം) പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ തിരുവനന്തപുരം സിറ്റി ബ്രാഞ്ചിൽ ആരംഭിച്ചിട്ടുള്ള അക്കൗണ്ടിലേക്കും (എസ് ബി അക്കൗണ്ട് നമ്പർ 67234515304 (IFS Code : SBIN 0070028), നേരിട്ട് വീടുകളിൽ വിതരണത്തിനാവശ്യമായ 1278,50,01,000/- രൂപ (ആയിരത്തി ഇരുന്നൂറ്റി എഴുപത്തെട്ടു കോടി അൻപതു ലക്ഷത്തി ആയിരം രൂപ മാത്രം) വെള്ളയമ്പലം സബ് ട്രഷറിയിൽ ആരംഭിച്ചിട്ടുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ആവശ്യത്തിലേക്കുള്ള സ്പെഷ്യൽ ടി. എസ്. ബി. അക്കൗണ്ടിലേക്കും (അക്കൗണ്ട് നമ്പർ 799012100000001) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു നൽകുന്നതിന് കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡിന് അനുവാദം നൽകുന്നു. ഇത്തരത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്ന പെൻഷൻ തുക മാർച്ച് 25 മുതൽ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടും ഗുണഭോക്താക്കളുടെ വീട്ടിൽ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി പണമായും വിതരണം നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നതിന് പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി.ബി.റ്റി. സെല്ലിനെ ചുമതലപ്പെടുത്തുന്നു.

4. ബാങ്കു വഴി പെൻഷൻ വാങ്ങുന്നവർക്ക് സൂചന (2) പ്രകാരം നിർദ്ദേശിച്ചിരുന്ന മസ്റ്ററിംഗും, അവിവാഹിത/ വിധവാ പെൻഷൻ ഗുണഭോക്താവ്, വിവാഹം/ പുനർ വിവാഹം

ചെയ്തിട്ടില്ലായെന്ന് തെളിയിക്കുന്ന ഗസറ്റഡ് ഓഫീസറുടെ സർട്ടിഫിക്കറ്റ് എല്ലാ വർഷവും ഡിസംബർ മാസത്തിൽ ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതാണെന്നുമുള്ള സൂചന (8) പ്രകാരം നിർദ്ദേശിച്ചിരുന്ന നിബന്ധനകളും ഈ ഉത്തരവു പ്രകാരം നടത്തുന്ന പെൻഷൻ വിതരണത്തിന് ബാധകമല്ല എന്നും ഉത്തരവു പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രദീപ് കുമാർ.ബി.**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ, കേരള സോഷ്യൽ സെക്യൂരിറ്റി പെൻഷൻ ലിമിറ്റഡ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സഹകരണ സംഘം രജിസ്ട്രാർ
തദ്ദേശ സ്വയം ഭരണ (ഡി സി) വകുപ്പ്
ധനകാര്യ (എസ് എസ്) വകുപ്പ്
കേരള സംസ്ഥാന സഹകരണ ബാങ്ക്, ഹെഡ് ഓഫീസ് ബ്രാഞ്ച്, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം,
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

ഡിസംബർ, 2019 ജനുവരി, ഫെബ്രുവരി, മാർച്ച്, ഏപ്രിൽ **വരെ പെൻഷൻ വിതരണത്തിനു വേണ്ടി വരുന്ന തുകയുടെ വിശദാംശങ്ങൾ**

| പ്രാദേശിക സർക്കാർ | പെൻഷൻ ഇനം | അക്കൗണ്ട് നമ്പർ | ബാങ്ക് (രൂപ) | ഡയറക്റ്റ് ടു ഹോം (രൂപ) | ആകെ (രൂപ) |
|---|---|---|---|---|---|
| മുനിസിപ്പാലിറ്റി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 001101023 000269, കേരള സംസ്ഥാന സഹകരണ ബാങ്ക്, ഹെഡ് ഓഫീസ് ബ്രാഞ്ച് തിരുവനന്തപുരം | 824675000 | 877799700 | 1702474700 |
| | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | | 114023400 | 143116500 | 257139900 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 458640000 | 443430400 | 902070400 |
| | കർഷക തൊഴിലാളി പെൻഷൻ | | 61964000 | 170788800 | 232752800 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 25328800 | 35901600 | 61230400 |
| | **ആകെ** | | **1484631200** | **1671037000** | **3155668200** |
| മുനിസിപ്പൽ കോർപ്പറേഷൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | 668238700 | 309210200 | 977448900 |
| | ഇന്ദിരാഗാന്ദി ദേശീയ വികലാംഗ പെൻഷൻ | | 98329800 | 43851100 | 142180900 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 432532800 | 138605600 | 571138400 |
| | കർഷക തൊഴിലാളി പെൻഷൻ | | 17617600 | 17690400 | 35308000 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 32978400 | 19600000 | 52578400 |
| | **ആകെ** | | **1249697300** | **528957300** | **1778654600** |
| | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | | 5742555300 | 5234470800 | 10977026100 |

| | | | | | |
|---|---|---|---|---|---|
| ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | | 864574400 | 958971100 | 1823545500 |
| | ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 3189244800 | 2629827200 | 5819072000 |
| | കർഷക തൊഴിലാളി പെൻഷൻ | | 832899200 | 1572200000 | 2405099200 |
| | 50 വയസ്സ കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 154106400 | 189537600 | 343644000 |
| | **ആകെ** | | **10783380100** | **10585006700** | **21368386800** |
| **ആകെ മൊത്തം** | | | **13517708600** | **12785001000** | **26302709600** |